## 1156

ഒന്നിലും ഭയന്നിടാതെ പോകാം സഖാക്കളെ
ഉന്നതന്റെ വന്ദ്യനാമമൊന്നായുർത്തിടാൻ

1 നിസ്തുല്യനാമം ക്രിസ്തേശു നാമം നിത്യം പുകഴ്ത്തണം തൻ
നിർദ്ദേശമൊത്തു നാം നിൽക്കണം മടുത്തിടാതെ
പോർ നടത്തണം-ജയം നിശ്ചയം, നിരക്കണം നിരാമയം സഖാക്കളേ!-

2 പാപത്തിൻ കൂലി തൻ ദേഹത്തിലേറ്റവൻ താപം സഹിച്ച തൻ
സ്നേഹം നിനയ്ക്കുവിൻ മറ്റൊരുത്തനീ വിധത്തിലുറ്റു
രക്ഷ ചെയ്തവൻ ഇദ്ധരിത്രി തന്നിലെങ്ങുമില്ലയെന്നറിഞ്ഞു നാം-

3 തെല്ലും പരാജയം ഉണ്ടാകയില്ല നാമെല്ലാമേശുവെ പിഞ്ചെല്ലാ-
മുല്ലാസമായ് അല്ലലൽപ്പകാലമുണ്ടെന്നാകിലും വരും ജയം
ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ജയം- T.K.S.